# INDIA EVANGELICAL LUTHERAN CHURCH

(Registered under the societies Registartion Act XXI 0f 1860) & M2(D) No. 45, 17.02.2022

## THIRUVANANTHAPURAM SYNOD

Off : SYNOD OFFICE, CL.H.S.S. Compound, Peroorkada, Thiruvananthapuram- 695 005

**Rev. M. MOHANAN**
President
Mob : 9495301605
Email : revmohananielc@gmail.com

**A. PRAMODKUMAR**
Secretary
Mob : 9447521141
Email : pramod1341965@gmail.com


---

**No. Sec/TS......................** **Date.......19/01/2023.........**

**തിരുവനന്തപുരം സിനഡിന്റെ 4–ാമത്തെ എക്സിക്യൂട്ടീവ് മീറ്റിംഗ് (17–01–2023) മിനിറ്റ്സ്**

**കർത്തൃനാമത്തിൽ സ്നേഹവന്ദനം!**

ക്രിസ്തുവിൽ പ്രിയരെ,

തിരുവനന്തപുരം സിനഡിന്റെ നാലാമത്തെ എക്സ്ക്യൂട്ടീവ് മീറ്റിംഗ് 17–01–2023 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് സിനഡ് പ്രസിഡന്റ് റവ. എം. മോഹനൻ അവർകളുടെ പ്രാരംഭ പ്രാർത്ഥനയോടെ പ്രസിഡന്റിന്റെ അദ്ധ്യക്ഷ തയിൽ ആരംഭിച്ചു. 17 എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്ത യോഗത്തിൽ സെക്രട്ടറി സ്വാഗതം ആശംസിച്ച് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സൺഡേ സ്കൂൾ പാഠപുസ്തകം സിനഡിലെ എല്ലാ സഭകളിലും എത്തിച്ചതായി സെക്ര ട്ടറി യോഗത്തെ അറിയിച്ചു. 07–01–2023 ൽ ലൂഥർഗിരി സഭയിൽവച്ചു നടന്ന സൺഡേസ്കൂൾ അധ്യാപക സെമിനാർ വളരെ ചിട്ടയായി ക്രമീകരിച്ച സഭാകമ്മിറ്റിയെയും സൺഡേസ്കൂൾ പ്രമോട്ടർ Rev.S.M.Salem അവർകളെയും യോഗം അഭിനന്ദിച്ചു. Sunday school Teachers guide ആവശ്യാനുസരണം സഭകളിൽ എത്തിക്കാൻ ശ്രദ്ധിക്കണം എന്നും യോഗം നിർദ്ദേശിച്ചു. സിനഡ് ലെവൽ സൺഡേസ്കൂൾ പരീക്ഷ നടത്തുമ്പോൾ Std IV മുതൽ എഴുത്തു പരീക്ഷ നടത്താനും Std III വരെയുള്ള ക്ലാസ്സുകളിൽ Oral പരീക്ഷ നടത്താനും സിനഡ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. അത് സൺഡേസ്കൂൾ പ്രമോട്ടർമാർ മുഖേന എല്ലാ സഭകളിലും അറിയിക്കാനും നിർദ്ദേശം നൽകി.

യൂത്ത് ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയ "Gloria 2022" വളരെ ചിട്ടയോടും ആകർഷകമായ രീതിയിലും ക്രമീകരിച്ച ചുള്ളിമാനൂർ സഭാക്കമ്മിറ്റിയെയും സിനഡ് പ്രമോട്ടർ എസ്.എസ്. ഷെർമർ അച്ചനെയും യോഗം അഭിനന്ദിക്കുകയും, മത്സരത്തിൽ വിജയിച്ച സഭകളെ യോഗം അനുമോദിക്കുകയും ചെയ്തു.

യൂത്ത്ഫെല്ലോഷിപ്പിന്റെ പഠനത്തിനായുള്ള “അപ്പോസ്തലന്മാർ” എന്ന പുസ്തകം നാളിതുവരെ പബ്ലിഷ് ചെയ്യാത്തതിൽ യോഗം വിശദീകരണം തേടാനും ഫെബ്രുവരി ആദ്യവാരം തന്നെ പുസ്തകം എല്ലാ സഭകളിലും എത്തിക്കാൻ സിനഡ് പ്രമോട്ടർ പ്രത്യേകം ശ്രദ്ധിക്കണം എന്നും യോഗം നിർദ്ദേശിച്ചു. പാഠഭാഗങ്ങൾ എഴുതി നല്കാത്തവരെ പ്രത്യേകം വിളിച്ച് എത്രയും വേഗം പാഠഭാഗങ്ങൾ എഴുതിവാങ്ങി സിനഡ് പ്രമോട്ടറെ ഏല്പിക്കണം എന്നും യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി.

വനിതാസംഘത്തിന്റെ പഠനത്തിനായുള്ള പുസ്തകം ‘‘കരുതൽ’’ നാളിതുവരെ പബ്ലിഷ് ചെയ്യാത്തതിൽ യോഗം സിനഡ് പ്രമോട്ടർ ആയ റവ. ഡി.ജെ. സ്റ്റാൻലി അച്ചനോട് കാരണം തിരക്കിയതിൽ പാഠഭാഗങ്ങൾ എഴുതിനല്കാമെന്ന് സമ്മതിച്ചിരുന്നവർ നാളിതുവരെ എഴുതി നല്കിയില്ല എന്നുള്ള വിവരം സെക്രട്ടറി യോഗത്തെ അറിയിച്ചു. സിനഡ് ഓഫീസിൽ നിന്നും അവരുമായി ബന്ധപ്പെട്ട് എത്രയും വേഗം പാഠഭാഗം എഴുതി വാങ്ങിക്കാനും ഫെബ്രുവരിമാസം ആദ്യവാരം തന്നെ എല്ലാ വനിതാസംഘം അംഗങ്ങളുടെ കൈവശം ലഭിക്കത്തക്കവിധത്തിൽ പുസ്തകം പബ്ലിഷ് ചെയ്യണം എന്നും യോഗം വനിതാസംഘം പ്രമോട്ടറായ റവ. ഡി.ജെ. സ്റ്റാൻലി അച്ചനെ ചുമതലപ്പെടുത്തി

ലൂഥറൻ എംപ്ലോയീസ് ഫെല്ലോഷിപ്പ് എന്നിവയുടെ രൂപീകരണം 31/01/2023ന് മുമ്പ് തന്നെ എല്ലാ സഭകളിലും പൂർത്തീകരിച്ച് സർക്കിൾ തലത്തിൽ മീറ്റിംഗ് നടത്തി റിപ്പോർട്ടു നല്കാൻ  പ്രമോട്ടർമാർക്കു നിർദ്ദേശം നല്കി.

സിനഡ് ഓഫിസിന്റെ പ്രവർത്തനം എല്ലാ ദിവസവും കൃത്യമായി നടക്കുന്നതിൽ യോഗം തൃപ്തി രേഖപ്പെടുത്തുകയും സിനഡ് ഓഫീസിലെ Clerk cum Computer Assistant  ശ്രീ. സാബുവിന്റെയും, ഓഫീസ് അസിസ്റ്റന്റ് ശ്രീ. സേതുകുമാറിന്റെയും പ്രവർത്തനത്തെ യോഗം അഭിനന്ദിക്കുകയും ചെയ്തു. സിനഡ് ഓഫീസിന്റെ ആവശ്യത്തിനായി  പ്രിന്റർ കം സ്കാനർ വാങ്ങാൻ യോഗം തീരുമാനിച്ചു. സിനഡ് എക്സിക്യൂട്ടീവ് മെമ്പർ ശ്രീ. Fritzy  അവർകൾ ഒരു പ്രിന്റർ വാങ്ങി നല്കാം എന്നു യോഗത്തെ അറിയിച്ചു.

പുതിയ മാനേജർ ഡോ. ലാലാദാസ് special invitee ആയി യോഗത്തിൽ പങ്കെടുത്തു. സിനഡ് എക്സിക്യൂട്ടീവ് മെമ്പർമാരുമായി ആശയവിനിമയം നടത്തി. മാനേജരുടെ പ്രവർത്തനങ്ങൾക്ക് സിനഡ് പൂർണ്ണമായി പിന്തുണ ഉറപ്പു നല്കി. ജനുവരി 31-ാം തീയതിക്കുമുമ്പേ എല്ലാ സ്ഥാപനങ്ങളിലും സന്ദർശനം നടത്തി വ്യക്തമായ അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നതിനും 31-01-2023 ൽ Standing Committee on Education ന്റെ മീറ്റിംഗിൽ അവതരിപ്പിക്കാനും തീരുമാനിച്ചു.

മണ്ണാമൂല കൺകോർഡിയ യു.പി.എസിന്റെ പ്രവർത്തനം ഊർജ്ജിതമാക്കാനും പൂർവ്വവിദ്യാർത്ഥികളുടെ ശ്രമഫലമായി ആരംഭിച്ച "loli pop" എന്ന നഴ്സറി സ്കൂളിനെ സിനഡ് ഏറ്റെടുക്കാനും അതിന്റെ പിൻതുടർച്ചയായി ഒരു CBSE സ്കൂൾ ആരംഭിക്കുവാനും യോഗം തീരുമാനിച്ചു.

2023 ഫെബ്രുവരി മാസത്തിൽ തന്നെ CBSE സ്കൂളിന്റെ പ്രവർത്തനം ആരംഭിക്കുവാനും അതിന്റെ നടപടി ക്രമങ്ങൾ നടത്താൻ Standing Committee on Education മാനേജരെയും ചുമതലപ്പെടുത്തി. വയനാട് മേഖലയിൽ കേന്ദ്രസർക്കാരിന്റെ പുതിയ വിദ്യാഭ്യാസ നയത്തെ പിൻതുടർന്ന് വിദേശ യൂണിവേഴ്സിറ്റികളുടെ സബ്സെന്റർ തുടങ്ങണം എന്നുള്ള നിർദ്ദേശത്തെ യോഗം ചർച്ചചെയ്യുകയും അതിന്റെ വിശദമായ അന്വേഷണങ്ങൾ നടത്തി പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ മാനേജരെ ചുമതലപ്പെടുത്തി.

പേരൂർക്കട കൺകോർഡിയ എച്ച്.എസ്.എസിൽ നിലവിലുള്ള കൊമേഴ്സ് ടീച്ചറുടെ ഒഴിവുകൾ നികത്താൻ നടപടിക്രമങ്ങൾ ആരംഭിക്കുവാനും യോഗം തീരുമാനിച്ചു.

സിനഡ് ട്രഷറർ Sri. Varsus Belledson നാളിതുവരെയുള്ള കണക്കുകൾ അവതരിപ്പിച്ചു. അടുത്ത് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ 2023 ജനുവരി 31 വരെയുള്ള കണക്കുവിവരം വിശദമായി അവതരിപ്പിക്കാനും കലണ്ടറിന്റെ വരവുചെലവ് കണക്കുകൾ പൂർത്തീകരിച്ച് അവതരിപ്പിക്കാനും നിർദ്ദേശം നല്കി.

പാറശ്ശാല സഭയിൽ നിന്നും റവ.സി.എസ്. ജയകുമാർ അവർകൾ റിട്ടെയർ ആയതിനെതുടർന്ന് റവ. ആർ.വി. സോണി അവർകൾക്ക് താല്കാലിക ചുമതല നല്കിയ വിവരം യോഗത്തെ അറിയിച്ചു. ഇപ്പോഴുള്ള കരുമരം സഭയിലെ ആരാധനക്ക് യാതൊരു തടസ്സവും ഉണ്ടാകാത്തവിധത്തിൽ വേണം ആരാധന ക്രമീകരിക്കേണ്ടത് എന്നുള്ള നിർദ്ദേശം നല്കി.

റവ. നിബിൻ വിൻസന്റ് സിനഡിന്റെ നിർദ്ദേശം അനുസരിച്ച് Bombay യിൽ ഒരാഴ്ചത്തെ ആരാധനയ്ക്കുപോകാതെ വിട്ടുനിന്നതിനാൽ Unauthorised absent ആയി കണക്കാക്കി IELC ക്ക് ലെറ്റർ അയച്ച വിവരം യോഗത്തെ അറിയിച്ചു.

മണ്ണാമൂല കോമ്പൗണ്ടിൽ ഗ്രൗണ്ടിന്റെ അടുത്തുള്ള പഴയ കെട്ടിടം എത്രയും വേഗം പുതുക്കി പണിത് ഒരു മിനി ഹാളായി ഉപയോഗിക്കാനും അതു ചെറിയ പ്രോഗ്രാമുകൾക്ക് വാടകയ്ക്കു നല്കാനും യോഗം തീരുമാനിച്ചു. ഏതെങ്കിലും കമ്പനികളുമായി ചർച്ച നടത്തി സ്പോൺസർമാരെ കിട്ടുമോ എന്ന് നോക്കാനും അല്ലാത്തപക്ഷം ട്രസ്റ്റ് മുഖേന ധനശേഖരണം നടത്തി മിനി ഹാൾ വൃത്തിയാക്കി ഉപയോഗിക്കാനും തീരുമാനിച്ചു.

ജനുവരി 10, 11, 12, 13 തീയതികളിൽ സിനഡ് ഭാരവാഹികൾ മലബാർ മേഖലയിൽ നടത്തിയ സന്ദർശനത്തിന്റെ വിവരങ്ങൾ സെക്രട്ടറി യോഗത്തിൽ അവതരിപ്പിച്ചു. ഫെബ്രുവരി മാസം ആദ്യവാരത്തിൽ വയനാട് മേഖലയിൽ ട്രസ്റ്റ് ഭാരവാഹികളുമായി സന്ദർശനം നടത്തി വ്യാപാരസ്ഥാപനങ്ങളുടെയും ഹാളിന്റെയും എഗ്രിമെന്റുകൾ പുതുക്കി പുതിയ വാടകചീട്ടുകൾ തയ്യാറാക്കാനും കൃത്യമായ വാടക തുകകൾ ട്രസ്റ്റ് ഓഫീസിൽ അടയ്ക്കുന്നു എന്നുള്ള കാര്യം ഉറപ്പുവരുത്താനും തീരുമാനിച്ചു. മലബാർ മിഷൻ ഹോസ്പിറ്റലിന്റെ ദയനീയ അവസ്ഥ യോഗത്തിൽ ചർച്ച ചെയ്യുകയും ഐ.ഇ.എൽ.സി ഭാരവാഹികളുമായി

ചർച്ച നടത്തി ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കമ്മിറ്റി എത്രയും പെട്ടെന്ന് വിളിച്ചു ചേർത്ത് ഹോസ്പിറ്റലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം എന്നും യോഗം തീരുമാനിച്ചു. ടി മേഖലയിലെ സന്ദർശനത്തിൽനിന്നു വളരെയേറെ തുകകൾ പലവിധത്തിൽ പ്രതിമാസം നഷ്ടമായിക്കൊണ്ടിരിക്കുന്നതായും പല വ്യക്തികളിലും അത് എത്തിച്ചേരുന്നതായും സെക്രട്ടറി യോഗത്തെ അറിയിച്ചു. എല്ലാ വാടക കരാറുകളും, കണക്കുവിവരങ്ങളും സുതാര്യമായി നടത്തണം എന്നും എല്ലാ എഗ്രിമെന്റുകളും വരവുചെലവ് കണക്കുകളും കൃത്യതയോടെ സൂക്ഷിച്ച് എല്ലാവർക്കും വിശ്വാസം വരുന്നവിധത്തിൽ കൈകാര്യം ചെയ്യണം എന്നും അതിനു ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. നിലമേൽ സർക്കിളിലെ ഓരോ സ്ഥലവും സ്ഥാപനവും വീണ്ടും പരിശോധന നടത്തി വ്യക്തമായ രേഖകളും കണക്കുകളും സൂക്ഷിക്കാനും യോഗം തീരുമാനിച്ചു.

മീനങ്ങാടി ബംഗ്ലാവിന്റെ കാര്യം വിശദമായി ചർച്ചചെയ്യാനും അതിന്റെ ഇപ്പോഴത്തെ സംരക്ഷകനായ ശ്രീ. ജോർജ്ജ് അവർകളുടെ അപേക്ഷയും ടിയാന്റെ സെറ്റിൽമെന്റും അടുത്ത സന്ദർശനവേളയിൽ പൂർത്തീകരിക്കാൻ തീരുമാനിച്ചു.

റവ. ജോർജ്ജ് പാസ്റ്റർ Mundekkutty സഭയിൽനിന്നും വന്ന സമയത്ത് പൂട്ടിയിട്ടിരുന്ന മിഷൻവീട് ടിയാന്റെ അനുജനും സിനഡ് എക്സക്യൂട്ടീവ് അംഗവും ആയ ശ്രീ. ബേബി.ജെയുടെ സാനിദ്ധ്യത്തിൽ തുറന്നുനോക്കിയതിൽ അവിടെയുണ്ടായിരുന്ന സകലസാധനങ്ങളും ഉപയോഗശൂന്യമായി തീർന്നിരിക്കുന്നതായി കാണുകയും തുടർന്ന് സഭാകമ്മിറ്റിയും സിനഡ് ഭാരവാഹികളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ റവ.ജോർജ്ജ്പാസ്റ്റർക്ക് കുടിശ്ശികയിനത്തിൽ 40,000/- രൂപ ടിയാന്റെ സഹോദരനായ ശ്രീ. ബേബി അവർകൾക്ക് കൈമാറുകയും അതു റവ. ജോർജ്ജ് പാസ്റ്റർക്ക് നല്കിയതായി അറിയിക്കുകയും ചെയ്തു. റവ. വൈ.കെ. മോഹൻദാസ് പാസ്റ്ററുടെ ചികിത്സയ്ക്കായി സിനഡിന്റെ അപേക്ഷ അനുസരിച്ച് സാമ്പത്തിക സഹായം നൽകിയ എല്ലാ ലൂഥറൻ സഭാംഗങ്ങളെയും സഭകളെയും സിനഡ് നന്ദിയോടെ ഓർക്കുന്നു. നാളിതുവരെ 1,50,000 രൂപ റവ. വൈ.കെ. മോഹൻദാസ് പാസ്റ്റർക്ക് നൽകിയതായി സെക്രട്ടറി യോഗത്തെ അറിയിച്ചു. ഇനിയും ഏകദേശം 1,00,000/- ത്തിലധികം തുക ബാങ്ക് അക്കൗണ്ടിൽ ലഭിച്ചിട്ടുള്ളതായും ആയതു തുടർ ചികിത്സയ്ക്കായി ആവശ്യമനുസരിച്ച് നൽകാനും യോഗം തീരുമാനിച്ചു. സാമ്പത്തിക സഹായം നല്കിയ എല്ലാവരുടെയും ലിസ്റ്റ് പബ്ലിഷ് ചെയ്യാനും കൃത്യമായ കണക്കുവിവരം അറിയിക്കാനും യോഗം ട്രഷററെ ചുമതലപ്പെടുത്തി.

വി.ബി.എസ്. കമ്മിറ്റിയുടെ പ്രവർത്തനം ആരംഭിക്കാത്തതിൽ യോഗം ഉത്കണ്ഠ രേഖപ്പെടുത്തുകയും 20-01-23 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് വി.ബി.എസ്. കമ്മിറ്റി യോഗം നടത്തി പാഠഭാഗങ്ങൾ തയ്യാറാക്കാനും തീരുമാനിച്ചു.

ഈ വർഷം വിശുദ്ധവാരത്തിലും "Good Friday" ആരാധനയ്ക്കും സിനഡിലെ എല്ലാ സഭകളിലും ഒരു കോമൺ ആരാധനാക്രമം ഉപയോഗിക്കണം എന്നു സിനഡ് തീരുമാനിക്കുകയും റവ. കെ. സത്യദാസ് അവർകളുടെ നേതൃത്വത്തിൽ ആരാധനാക്രമം തയ്യാറാക്കി അടുത്ത എക്സിക്യൂട്ടീവ് മീറ്റിംഗിൽ അവതരിപ്പിക്കാനും ചുമതലപ്പെടുത്തി.

സിനഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് യാതൊരുവിധ വരുമാനവും ഇല്ല എന്നുള്ള വിവരം സെക്രട്ടറിയും, ട്രഷററും യോഗത്തിൽ അറിയിച്ചു. സിനഡ് വളരെയേറെ പ്രവർത്തനങ്ങളും സെമിനാറുകളും നടത്തിയ ഇനത്തിലും, സൺഡേസ്കൂൾ ബുക്ക്, യൂത്ത് ഫെല്ലോഷിപ്പിന്റെ കരോൾ ഫെസ്റ്റ്, യൂത്ത് ഫെല്ലോഷിപ്പ്, വനിതാസംഘം എന്നിവയുടെ പഠനപുസ്തകങ്ങൾ എന്നിവ തയ്യാറാക്കി നല്കിയ വകയിലും, പല വ്യക്തികളിൽ നിന്നും നല്ലൊരു തുക ചിലവായതായും യോഗത്തെ അറിയിച്ചു. തുടർന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി ചർച്ച ചെയ്തു. സിനഡിന് ഒരു പ്രവർത്തനഫണ്ട് സ്വരൂപിക്കാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ സഭകളും കുറഞ്ഞത് 500 രൂപയെങ്കിലും സിനഡിന്റെ ബാങ്ക് അക്കൗണ്ടിൽ എല്ലാ മാസവും 5-ാം തീയതിക്കു മുമ്പേ നല്കണം എന്നും, സൻമനസ്സുള്ള സഭാവിശ്വാസികളും, വ്യക്തികളും അവരവരുടെ കഴിവിന് അനുസരിച്ച് 500 രൂപയെങ്കിലും സിനഡിന്റെ പ്രവർത്തനഫണ്ടായി തന്നു സഹായിക്കണം എന്നും അഭ്യർത്ഥിക്കുവാൻ യോഗം തീരുമാനിച്ചു. ഈ വിവരം സഭകളിൽ അറിയിക്കുവാൻ പാസ്റ്റർമാർക്ക് നിർദ്ദേശം നല്കാനും സ്വമനസ്സാലെ സിനഡ് പ്രവർത്തനഫണ്ട് സ്വരൂപീകരണം വിജയിപ്പിക്കണമെന്ന് എല്ലാവരോടും സിനഡ് എക്സിക്യൂട്ടീവ് കമ്മിറ്റി അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

Standing Committee on Mission and Stewardship Pastor മാരുടെ ട്രാൻസ്ഫർ കുറിച്ചുള്ള നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും സിനഡ് എക്സിക്യൂട്ടീവ് കമ്മിറ്റി ചർച്ച ചെയ്തു താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിക്കുകയും ആയത് എല്ലാ സഭകളിലും അറിയിക്കുവാനും തീരുമാനിച്ചു.

1. ഒരു സഭയിൽ 30/05/2023 ൽ 5 വർഷക്കാലത്തെ സേവനം പൂർത്തിയാക്കുന്ന എല്ലാ പാസ്റ്റർമാരെയും ട്രാൻസ്ഫർ ചെയ്യുന്നതാകുന്നു.
2. അതിൻപ്രകാരം ട്രാൻസ്ഫർ ചെയ്യപ്പെടേണ്ട പാസ്റ്റർമാരുടെ ലിസ്റ്റ് 10/02/23ന് പബ്ലിഷ് ചെയ്യും.
3. 5 വർഷക്കാലം പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്ഫർ ലിസ്റ്റ് തയ്യാറാക്കിക്കഴിഞ്ഞാൽ അതിൻതുടർച്ചയായി 10വർഷക്കാലം ഒരു സർക്കിളിൽ സേവനം ചെയ്തവരെ ആ സർക്കിളിൽ നിന്നും മാറ്റി, മറ്റു സർക്കിളുകളിൽ നിയമിക്കുന്നതാണ്. അവരുടെ ലിസ്റ്റ് 10/02/2023നു പബ്ലിഷ് ചെയ്യും.
4. ട്രാൻസ്ഫർ ആയി പോകുമ്പോൾ ഒഴിവു വരുന്ന സഭകളുടെയും നിലവിൽ ഒഴിവുള്ള സഭകളുടെയും ലിസ്റ്റ് 10/02/2023 നു പബ്ലിഷ് ചെയ്യും.

5. ട്രാൻസ്ഫർ ലിസ്റ്റിൽ ഉള്ള പാസ്റ്റർമാർക്ക് ഒഴിവുള്ള സഭകളുടെ ലിസ്റ്റിൽ നിന്നും 5 സഭകൾ തിരഞ്ഞെടുക്കാം. ഈ 5 സഭകളിൽ 3 എണ്ണം ഒരു സർക്കിളിലും, മറ്റു രണ്ടെണ്ണം വേറെ സർക്കിളുകളിൽനിന്നും ആയിരിക്കണം.
6. പാസ്റ്റർമാർക്ക് മുമ്പ് സേവനം ചെയ്തിരുന്ന സഭകൾ വീണ്ടും സെലക്ട് ചെയ്യാൻ അനുവാദമില്ല.
7. ഓരോ സഭയ്ക്കും അവരുടെ സഭാകമ്മിറ്റിയുടെ തീരുമാനപ്രകാരം '3' പാസ്റ്റർ മാരെ ട്രാൻസ്ഫർ ലിസ്റ്റിൽ നിന്നും തെരഞ്ഞെടുക്കാവുന്നതാണ്.
8. 2022-ൽ നടന്ന ഐ.ഇ.എൽ.സി. ഇലക്ഷൻ പ്രക്രിയയിലൂടെ തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർമാർ 10 വർഷക്കാലം ഒരു സർക്കിളിൽ പൂർത്തിയാക്കിയാലും അവരെ സർക്കിളിന്റെ പുറത്തേക്ക് ട്രാൻസ്ഫർ ചെയ്യുന്നതല്ല. എന്നാൽ ആ പാസ്റ്റർമാർ ട്രാൻസ്ഫർ റിക്വസ്റ്റ് നല്കിയാൽ ട്രാൻസ്ഫർ നല്കുന്നതാണ്.

9. ഇപ്പോൾ സേവനം ചെയ്യുന്ന സഭയിൽ 5 വർഷക്കാലം പൂർത്തിയാക്കാത്ത പാസ്റ്റർമാർക്ക് ട്രാൻസ്ഫർ ആവശ്യമുണ്ടെങ്കിൽ, ടി പാസ്റ്റർമാർ ട്രാൻസ്ഫർ റിക്വസ്റ്റ് 06/02/23 ന് മുമ്പായി സിനഡ് ഓഫീസിൽ നല്കേണ്ടതാകുന്നു. ട്രാൻസ്ഫർ റിക്വസ്റ്റിൽ മതിയായ കാരണം കൂടി വ്യക്തമാക്കണം.
10. ഒരു സഭയ്ക്ക് ആ സഭയിലെ പാസ്റ്റർ 5 വർഷക്കാലം പൂർത്തിയാക്കിയില്ല എങ്കിലും ആ പാസ്റ്ററെ മാറ്റി വേറെ പാസ്റ്ററെ വേണമെങ്കിൽ സഭാകമ്മിറ്റി റിക്വസ്റ്റ് നൽകേണ്ടതാകുന്നു. സഭാഭാരവാഹികൾ എല്ലാവരും ഒപ്പിടുകയും, സഭായോഗതീരുമാനത്തിന്റെ മിനിറ്റ്സ് കോപ്പി ഉൾപ്പെടെയുള്ള അപേക്ഷ 06/02/2023 ന് മുമ്പായി സിനഡ് ഓഫീസിൽ നല്കണം.
11. ഒരേ പാസ്റ്ററെ ഒന്നിൽ കൂടുതൽ സഭകൾ സെലക്ട് ചെയ്താൽ അസ്സെസ്മെന്റ് കൃത്യമായി അടക്കുന്ന സഭയ്ക്കായിരിക്കും മുൻഗണന നല്കുന്നത്.
12. ഒന്നിൽകൂടുതൽ സഭകൾ ഉള്ള പാസ്റ്ററേറ്റുകളിൽ, പാസ്റ്ററേറ്റ് കമ്മിറ്റിയാണ് അപേക്ഷകൾ നല്കേണ്ടത്. എല്ലാ സഭകളിലെയും ഭാരവാഹികൾ ഒപ്പു രേഖപ്പെടുത്തിയ അപേക്ഷ നല്കണം.
13. സഭകൾ ഉചിതമായ പാസ്റ്റർമാരെ 1st, 2nd, 3rd Preference പ്രകാരം സെലക്ട് ചെയ്ത് സിനഡിന് അപേക്ഷ നല്കാനുള്ള അവസാന തീയതി 01/03/2023 ആകുന്നു. അതിനുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
14. പാസ്റ്റർമാർക്ക് 5 സഭകൾ യഥാക്രമം സെലക്ട് ചെയ്ത് അപേക്ഷ നൽകാനുള്ള അവസാന ദിവസം 01/03/2023. അതിനുശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.
15. ഒരു റിക്വസ്റ്റും നൽകാത്ത പാസ്റ്റർമാർ ഉണ്ടെങ്കിൽ നൽകുന്ന സഭകളുടെ കാര്യത്തിൽ ഉചിതമായ തീരുമാനം സിനഡ് എക്സിക്യൂട്ടീവ് കമ്മിറ്റി എടുക്കുന്നതായിരിക്കും.

16. പൂർണ്ണമായ ട്രാൻസ്ഫർ ലിസ്റ്റ് 31/3/2023 തീയതി പബ്ലിഷ് ചെയ്യുന്നതായിരിക്കും.
17. പുതിയ സഭയിലേക്കുള്ള ട്രാൻസ്ഫർ ഓർഡർ 30/04/23 ന് മുമ്പ് നൽകുന്നതായിരിക്കും.
18. പുതിയ ഉത്തരവുപ്രകാരം ട്രാൻസ്ഫർ ആയ പാസ്റ്റർമാർ പുതിയ സഭയിൽ ആദ്യ ആരാധന 07/05/23 ൽ നടത്തേണ്ടതാകുന്നു. അതായത് മെയ്മാസത്തെ ആദ്യ ഞായർ ആരാധന പുതിയ പാസ്റ്റർ ആണ് നടത്തേണ്ടത്.
19. മിഷൻ വീടിന്റെ താക്കോൽ 15/03/23ന് മുമ്പായി സഭാഭാരവാഹികളുടെ സാനിദ്ധ്യത്തിൽ കൈമാറേണ്ടതാകുന്നു.
20. എല്ലാ വിവരങ്ങളും വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതായിരിക്കും.

നമ്മുടെ സിനഡിലെ എല്ലാ പാസ്റ്റർമാർക്കും ഐ.ഡി. കാർഡ് നല്കാൻ മുൻ തീരുമാനപ്രകാരം തയ്യാറാക്കിയ ഐ.ഡി. കാർഡ് സാമ്പിൾസ് സെക്രട്ടറി യോഗത്തിൽ കാണിച്ചു. യോഗം അംഗീകരിച്ചു. പൗരോഹിത്യവേഷം ധരിച്ചുള്ള ഫോട്ടോമാത്രം ഐ.ഡി. കാർഡിൽ ഉപയോഗിച്ചാൽ മതിയെന്നും തീരുമാനിച്ചു.

വിവിധ സഭകളിൽനിന്നുമായി ലഭിച്ച 16 അപേക്ഷകളും, പരാതികളും ചർച്ച ചെയ്യുകയും ഉചിതമായ തീരുമാനങ്ങൾ യോഗം സ്വീകരിക്കുകയും ചെയ്തു. അതിൽ ട്രാൻസ്ഫർ റിക്വസ്റ്റുകൾ Standing Committee on Mission and Stewardship Convenor റെ ഏല്പിച്ചു.

തിരുവനന്തപുരം സർക്കിളിലെ ഒരു വിശ്വാസി (പേര് വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല) സിനഡ് ഓഫീസ് നന്നാക്കാനായി 50,000/- രൂപയുടെ ചെക്ക് നല്കിയ വിവരം എക്സിക്യൂട്ടീവ് മെമ്പർ ശ്രീ. എ.ആർ.ഷാജി യോഗത്തിൽ അറിയിക്കുകയും, ടി ചെക്ക് സിനഡ് പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിൽ ട്രഷറർക്ക് കൈമാറുകയുണ്ടായി. ടി തുക ഉപയോഗിച്ച് ഒരു മോഡേൺ കോൺഫറൻസ് ഹാൾ ഉണ്ടാക്കാൻ ശ്രീ. ഷാജിയെ ചുമതലപ്പെടുത്തി. അടുത്ത എക്സിക്യൂട്ടീവ് മീറ്റിംഗിനുമുമ്പായി പണി പൂർത്തിയാക്കുവാനും തീരുമാനിച്ചു.

ബാലരാമപുരം, ലൂഥർഗിരി സർക്കിളുകളിലെ പാസ്റ്റർമാരുമായി ഒരു മീറ്റിംഗ് ഫെബ്രുവരി മാസം 4-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ 12 മണി വരെ സിനഡ് ഓഫീസിൽ വച്ചു നടത്താൻ തീരുമാനിച്ചു.

നമ്മുടെ സിനഡിൽ 5 സ്റ്റാന്റിംഗ് കമ്മിറ്റി ഉണ്ടെങ്കിലും Standing Committee for Mission and Stewardship, Standing Committee for Education ഒഴികെയുള്ള 3 കമ്മിറ്റികളും ഒരു മീറ്റിംഗ്പോലും നടത്തിയിട്ടില്ല എന്നുള്ള കാര്യവും യോഗത്തിൽ സെക്രട്ടറി അറിയിച്ചു. എല്ലാ സബ്കമ്മിറ്റികളും സജീവമായി പ്രവർത്തിച്ച് സിനഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്താനും സഭയ്ക്ക് ഉപയോഗപ്രദമായ നിർദ്ദേശങ്ങൾ ഓരോ കമ്മിറ്റിയും ചർച്ച ചെയ്ത് തയ്യാറാക്കാനും അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് മുമ്പായി എല്ലാ സബ്കമ്മിറ്റികളും പ്രത്യേകം മീറ്റിംഗ് നടത്തി റിപ്പോർട്ടുകൾ അവതരിപ്പിക്കണം എന്നും നിർദ്ദേശം നല്കി.

A. അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സിനഡിലെ Standing Committee Convenor മാർ താഴെപ്പറയുന്ന റിപ്പോർട്ടുകൾ അവതരിപ്പിക്കണം.

1. Standing Committee on Mission & Stewardshil
   പാസ്റ്റർമാരുടെ ട്രാൻസ്ഫർ സംബന്ധമായ വിശദ റിപ്പോർട്ട്

2. Standing Committee on Education
   CBSE സ്കൂൾ ആരംഭിക്കുന്ന തീയതിയും, റിപ്പോർട്ടും സിനഡിലെ എല്ലാ സ്കൂളുകളിലെയും ഭൗതിക സാഹചര്യത്തെക്കുറിച്ചും, ഒഴിവുകളെക്കുറിച്ചുമുള്ള വിശദവിവരം

3. Standing Committee on Properties
   തിരുവനന്തപുരം സിനഡിൽ ഏതെല്ലാം സ്ഥലങ്ങളിൽ, ഏതെല്ലാം സ്ഥാപനങ്ങൾ വാടകയ്ക്ക് കൊടുത്തിരിക്കുന്നു, വാടകയുടെ ശരിയായ വിവരം, എത്ര രൂപയാണ് ട്രസ്റ്റിൽ അടക്കുന്നത്, വാടകചീട്ടിന്റെ കാലാവധി എന്നു തീരും തുടങ്ങിയ വിശദ വിവരം.

4. Standing Committee on Socio-Economic Development
   തിരുവനന്തപുരം സിനഡിലെ ഓരോ സഭയും എത്ര രൂപ വീതമാണ് assesment അടക്കുന്നത്, അടക്കാത്ത സഭകളുടെ ലിസ്റ്റ്, കുടിശ്ശിക ഓരോ സഭയ്ക്കും എത്ര വീതം ഉണ്ട്, ഏതെല്ലാം പാസ്റ്റർമാർക്കാണ് ശമ്പള കുടിശ്ശിക ഉള്ളത് തുടങ്ങിയ വിശദ വിവരം.

5. Standing Committee on Finance
   31/01/2023 വരെയുള്ള കണക്കുവിവരം, വൗച്ചറുകൾ എന്നിവ വിശദമായി അവതരിപ്പിക്കണം.

B. ചില സഭകൾ പാസ്റ്ററേറ്റുകളിൽ നിന്നും മാറി പ്രത്യേക സഭകളായി നില്ക്കാൻ ആഗ്രഹിക്കുന്ന വിവരം ചർച്ച ചെയ്യുകയും 02-02-2023 രാവിലെ 10 മണിക്ക്ടി സഭകളുടെ ഭാരവാഹികളുടമായി ചർച്ച നടത്താൻ യോഗം സെക്രട്ടറിയെയും പ്രസിഡന്റിനെയും ചുമതലപ്പെടുത്തി.

C. 31/01/2023 ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ സിനഡിലെ എല്ലാ സംഘടനകളുടെയും പ്രമോട്ടർമാരുടെ യോഗം വിളിക്കാനും പ്രവർത്തനം വിശകലനം ചെയ്യാനും തീരുമാനിച്ചു.
   31/01/23 ചൊവ്വാഴ്ച പകൽ 2.30 മണിക്ക് Standing Committee on Educationന്റെ മീറ്റിംഗ് വിളിക്കാനും, മാനേജർ Spl: Invitee ആയി പങ്കെടുക്കണം എന്നും യോഗം തീരുമാനിച്ചു.

അടുത്ത ആഴ്ച തന്നെ സിനഡ് ഭാരവാഹികളും, ഐ.ഇ.എൽ.സി. ഭാരവാഹികളും തമ്മിൽ നേരിട്ട് ഒരു ചർച്ച നടത്തി നമ്മുടെ ആവശ്യങ്ങൾ അവരെ പറഞ്ഞ് ബോധ്യപ്പെടുത്തി പരമാവധി സഹായം ലഭ്യമാക്കാനും നല്ല ബന്ധം പുലർത്താനും സെക്രട്ടറിയെയും പ്രസിഡന്റിനെയും ചുമതലപ്പെടുത്തി.

സിനഡ് വൈസ് പ്രസിഡന്റ് റവ. ജെ. മോഹൻരാജ് പാസ്റ്ററുടെ പ്രാർത്ഥനയോടും, പ്രസിഡന്റ് റവ. മോഹനൻ പാസ്റ്ററുടെ ആശീർവാദത്തോടും യോഗം 2.20ന് അവസാനിച്ചു.

അടുത്ത മീറ്റിംഗ് 10-03-2023 വെള്ളിയാഴ്ച 10 മണി മുതൽ 4 മണിവരെ

**Rev. M. Mohanan**
President
Trivandrum Synod

**A. Pramod Kumar**
Secretary
Trivandrum Synod